ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കാൻ നടപടി

140 (1628)ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ആവശ്യമുള്ള ജീവനക്കാരെ വാക്ക്-ഇൻ-ഇന്റർവ്യൂ മുഖേന കരാർ നിയമനം നടത്താനുദ്ദേശിക്കുന്നുണ്ടോ;

(സി) റിട്ടയർ ചെയ്ത സോഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ എങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിൽ 1999-2000-ൽ ആശുപത്രികളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കായുള്ള പദ്ധതിവിഹിതമായ 250 ലക്ഷം രൂപയിൽ 75 ലക്ഷം രൂപ തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള സ്റ്റാഫിന്റെ ചെലവിനും 50 ലക്ഷം രൂപ വീതം താലൂക്ക് തലത്തിനും മുകളിലുള്ള ആശുപത്രികൾക്കുവേണ്ടിയുള്ള യന്ത്രസാമഗ്രികൾക്കും മറ്റ് ഉപകരണങ്ങൾക്കും. 25 ലക്ഷം രൂപ മറ്റ് ചെലവുകൾക്കുമായി നീക്കി വച്ചിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും 3 ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. താലൂക്ക് ആശുപത്രികൾക്ക് മുകളിലുള്ള ആശുപത്രികളിൽ ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും നീക്കി വച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജ് ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി മരുന്നുകളുടെ സംഭരണവും വിതരണവും കൂടുതൽ കാര്യക്ഷമമാക്കി മരുന്നുകളുടെ ലഭ്യത സുഗമമാക്കുകയും, പുതിയ ചികിത്സാ രീതികളും പരിശോധനാ രീതികളും ആവിഷ്കരിച്ച് ആശുപത്രി പ്രവർത്തനം നവീകരിക്കുക, പുതിയ തസ്തികകൾ സൃഷ്ടിച്ച് ഒഴിവുകൾ നികത്തുക, പുതിയ ബ്ലോക്കുകൾ നിർമ്മിച്ച് സ്ഥലസൗകര്യം വർദ്ധിപ്പിക്കുക മുതലായവയും ചെയ്യുന്നുണ്ട്.

ആയുർവേദ വകുപ്പിൽ ഡിസ്പെൻസറികൾ (1) 20 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുക (2)ഗ്രാമപ്രദേശങ്ങളിൽ ആയുർവേദ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികളായി ഉയർത്തുക എന്നീ പദ്ധതികൾ വഴി ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നു.

(ബി) ഇല്ല.

(സി) പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത അവസരത്തിൽ മാത്രമേ റിട്ടയർ ചെയ്ത ഡോക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാനും അവരുടെ സേവനം പ്രയോജനപ്പെടുത്തുവാനും സാധിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly